ബസ്സപകടങ്ങൾ

104 [143] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ ഫലമായി എത്ര ആളുകൾ മരിച്ചിട്ടുണ്ട്;

(സി) വണ്ടി അപകടത്തെത്തുടർന്നു മരിച്ചവരുടേയും ഗുരുതരമായ പരിക്കുപറ്റിയവരുടേയും കുടുംബങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിയവകയിൽ എത്ര രൂപ സംസ്ഥാന ഗവൺമെന്റ് ചെലവ് ചെയ്തു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1621.

(ബി) 328.

(സി) വിവരം ശേഖരിച്ചുവരുന്നു.

മദ്യത്തിൽ മായം ചേർക്കുന്നതു തടയുവാൻ നടപടി

105 [144] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷം കലർന്ന മദ്യം കഴിച്ചതിന്റെ ഫലമായി കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) അടുത്തകാലത്ത് ഏലപ്പാറയിൽ ചീന്തലാർ എസ്റ്റേറ്റിൽ വിഷമദ്യം കഴിച്ചതിന്റെ ഫലമായി എത്രപേർ മരണമടഞ്ഞു;

(സി) മദ്യത്തിൽ മായം ചേർക്കുന്നതും കള്ളവാറ്റ് നടത്തുന്നതും തടയുവാൻ ശക്തമായ നടപടികൾ ഉടനടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിഷം കലർന്ന മദ്യം കഴിച്ചതിന്റെ ഫലമായി മരണമുണ്ടായതായ ഒരു സംഭവവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും അങ്ങിനെ മരണമുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ അതിന്റെ പൂർണ്ണ രൂപമെന്താണെന്നും മറ്റും അന്വേഷിച്ചു വിവരം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം അബ്കാരി കുറ്റങ്ങൾ തടയുവാൻ ശക്തമായ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

ക്ലിങ്ക്കർ സിമന്റ് ഫാക്ടറി

106 [146] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിങ്ക്കർ സിമന്റ് ഫാക്ടറി കേരളത്തിൽ ഈ വർഷം തുടങ്ങുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly